# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1251 — 03-10-2016 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എൻ.ജയരാജ്** | **ശ്രീ.പിണറായി വിജയൻ**<br>ബഹു.മുഖ്യമന്ത്രി |

### ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ

| | | |
|---|---|---|
| (എ) | ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | മുൻ ബജറ്റുകളിൽ പ്രഖ്യാപിച്ച എല്ലാ പദ്ധതികളും പൂർണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല എന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്ന് പല ഘട്ടങ്ങളിലായി ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, കഴിഞ്ഞ അഞ്ചു വർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും നടപ്പിലാക്കാൻ കഴിയാത്ത പ്രധാന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ അഞ്ചു വർഷക്കാലം ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഒരു നടപടിയും സ്വീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; | |
| (ബി) | ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് എന്തു സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | വിവിധ വകുപ്പ് സെക്രട്ടറിമാരുമായി ചീഫ് സെക്രട്ടറി നടത്തുന്ന മാസാവലോകന യോഗങ്ങളിൽ ബഡ്ജറ്റിൽ പരാമർശിക്കുന്ന എല്ലാ പദ്ധതികളുടെയും നിർവ്വഹണം സംബന്ധിച്ച് വിലയിരുത്തൽ നടത്താറുണ്ട്. കൂടാതെ വകുപ്പ്തല കർമ്മസമിതി, പ്രത്യേക കർമ്മ സമിതി എന്നിവയുടെ യോഗങ്ങളിലും ബഡ്ജറ്റ് പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട്. |
| (ഡി) | നിയമസഭ അംഗീകരിച്ചവ എന്ന നിലയിൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | മുൻവർഷങ്ങളിൽ പ്രഖ്യാപിച്ചെങ്കിലും ഇതേവരെ നടപ്പിലാക്കാത്ത പദ്ധതികളുടെ പ്രായോഗികത കൂടി വിലയിരുത്തി നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുന്നതാണ്. |
| (ഇ) | ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാണിക്കുന്ന അലംഭാവം അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ? | ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇക്കാര്യത്തിൽ വകുപ്പുകളുടെ ഭാഗത്തുണ്ടാകുന്ന വീഴ്ചകൾ പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| **കഴിഞ്ഞ അഞ്ചു വർഷകാലത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രധാന പദ്ധതികൾ** *(വിവിധ വകുപ്പുകളിൽ നിന്ന് പല ഘട്ടങ്ങളിലായി ലഭ്യമായത്)* |
|---|
| സംസ്ഥാനത്തെ നിലവിലുള്ള പ്രൈമറി സെക്കന്ററി സ്കൂൾതലം പുനക്രമീകരിക്കുന്ന പദ്ധതി |
| സംസ്ഥാനത്തെ മുഴുവൻ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് മുറികളാക്കുന്ന പദ്ധതി. |
| ശതാബ്ദി ആഘോഷിക്കുന്ന സ്ക്കൂളുകൾക്ക് രണ്ടു ലക്ഷം രൂപ നൽകുന്ന പദ്ധതി |
| ഏറ്റവും നല്ല സർക്കാർ എൽ.പി സ്കൂളിനും സ്വകാര്യ എൽ.പി സ്കൂളിനും അഞ്ച് ലക്ഷം രൂപാ വീതവും യു.പി സ്കൂളിന് ഏഴ് ലക്ഷം രൂപാ വീതവും ഹൈസ്കൂളിന് പത്ത് ലക്ഷം രൂപാ വീതവും എക്സലൻസ് അവാർഡ് നൽകുന്ന പദ്ധതി |
| 1860 ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ട് ഭേദഗതി |
| രജിസ്ട്രേഷൻ വകുപ്പിലെ ഇന്റഗ്രേറ്റഡ് റവന്യൂ റസീപ്റ്റ് മാനേജ്മെൻറ് സിസ്റ്റം |
| ആരോഗ്യ ജീവിത നൈപുണ്യ വിദ്യാഭ്യാസ പദ്ധതി |
| കല, കായികം, തൊഴിൽ, വിദ്യാഭ്യാസം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന ആശ്വാസ് പദ്ധതി |
| എം.എച്ച്. ആർ.ഡി യുടെ ധനസഹായത്തോടുകൂടി അഞ്ച് പോളിടെക്നിക്കുകൾ സ്ഥാപിക്കുന്ന പദ്ധതി |
| കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എലിജിബിലിറ്റി ടെസ്റ്റ് |
| ഓരോ ജില്ലയിലെയും ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കലാഗ്രാമം സ്ഥാപിക്കുക |
| പൂവച്ചൽ പഞ്ചായത്തിലെ കാട്ടാക്കട മാർക്കറ്റ് ആധുനികവത്കരിക്കൽ |
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് പുതിയ പെൻഷൻ പദ്ധതി |
| തലായ് മത്സ്യബന്ധന തുറമുഖത്തിന്റെ പൂർത്തീകരണ പദ്ധതി |
| ചേറ്റുവ മത്സ്യബന്ധന തുറമുഖത്തിന്റെ പൂർത്തീകരണ പദ്ധതി |
| മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ പൂർത്തീകരണ പദ്ധതി |
| പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ പൂർത്തീകരണ പദ്ധതി |
| സംയോജിത കടൽ സുരക്ഷ പദ്ധതി |
| മറൈൻ ആംബുലൻസ് പദ്ധതി |
| ഐസ് & ഫ്രീസിംഗ് പ്ലാന്റ് പദ്ധതി |
| വിഴിഞ്ഞം, പുല്ലുവിള, മാതൃകാ മത്സ്യ ഗ്രാമ പദ്ധതി |
| കോഴിക്കോട് അന്താരാഷ്ട്രാ നിലവാരമുള്ള സ്പോർട്സ് സ്റ്റേഡിയം നിർമ്മിക്കൽ |
| വലിയതുറ സ്റ്റേഡിയം |
| അരീക്കോട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക് നിർമ്മാണ പദ്ധതി |
| ചിറ്റാർ സബ് ട്രഷറി |
| ട്രഷറികളിൽ എ.റ്റി.എം സംവിധാനം |
| ട്രഷറി വകുപ്പിന് തിരുവനന്തപുരത്ത് ആസ്ഥാന മന്ദിര നിർമ്മാണ പദ്ധതി |
| ട്രഷറികളിൽ ലോക്കർ സൗകര്യം |
| തിരുവനന്തപുരം, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നിവിടങ്ങളിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കൽ |
| സീറോ വേസ്റ്റ് പദ്ധതി |
| മലബാർ സിമന്റ്സ് ലിമിറ്റഡുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് |
| പി.പി.പി. അടിസ്ഥാനത്തിൽ തടസ്സരഹിത നടപ്പാതയും സൈക്കിൾ ട്രാക്കുകളും നിർമ്മിക്കൽ |
| മെക്കനൈസ്ഡ് പാർക്കിംഗ് സംവിധാനം |
| ചേർത്തല മുൻസിപ്പൽ ടൗൺ ജംഗ്ഷൻ നവീകരണം |
| എരുമേലി ടൗൺഷിപ്പ് |
| വള്ളുവനാട് വികസന അതോറിറ്റി |
| ഭരണങ്ങാനം വികസന അതോറിറ്റി |
| രാത്രികാല പാർപ്പിട നിർമ്മാണം |
| തിരൂർ-മുനിസിപ്പാലിറ്റിയിൽ രാജീവ് ഗാന്ധി സ്റ്റഡിയം നിർമ്മാണം |
| വിയ്യൂർ വനിതാ ജയിലിലും കോഴിക്കോട് ജില്ലാ ജയിലിലും ക്ഷീര ഫാമുകൾ സ്ഥാപിക്കുക |
| തടവുകാർക്ക് ജയിലിൽ പ്രത്യേകം പ്ലെയ്സ്മെന്റ് സെൽ രൂപീകരിക്കൽ |

| |
|---|
| പ്രിസണേഴ്സ് ബെനവലന്റ് ഫണ്ട് രൂപീകരണം |
| പട്ടികജാതി യുവജനങ്ങൾക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കുന്ന പദ്ധതി |
| വണ്ടൂരിൽ കമ്മ്യൂണിറ്റി കോളേജ് |
| പട്ടികജാതി എഞ്ചിനീയറിംഗ് ഡിഗ്രി/ഡിപ്ലോമക്കാർക്ക് ഫിനിഷിംഗ് സ്കൂൾ |
| എൻ.സി.ഡി.സി ധനസഹായത്തോടെ റബ്ബ്ബ്ടക് ഇന്ത്യക്ക് ധനസഹായം |
| സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള 'ധാര' പദ്ധതി |
| സൗരോർജ്ജരോർജ്ജ സംവിധാനത്തിന് സഹകരണസംഘങ്ങൾ വഴി വായ്പയും സബ്സിഡിയും നൽകുന്ന പദ്ധതി |
| കളമശ്ശേരി എച്ച്.എം.റ്റി കവലയിലും കടുങ്ങല്ലൂർ മുപ്പത്തടം കവലയിലും കുന്നുകരയിലും ഓരോ ത്രിവേണി മെഡിക്കൽ സ്റ്റോർ |
| ചാലക്കുടിയിൽ ആധുനിക മീറ്റ് പ്രോസസ്സിംഗ് പ്ലാന്റ് |
| തൃശ്ശൂർജില്ലയിലെ പരിയാരം പഞ്ചായത്തിൽ ടീ-പ്ലാന്റ് നിർമ്മാണം |
| കുട്ടനാട്ടിൽ വയ്ക്കോൽ കട്ട നിർമ്മാണ ഫാക്ടറി |
| വർക്കല പ്രകൃതി ചികിത്സാ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തൽ |
| നെടുങ്കുന്നം സർക്കാർ ആയുർവേദ ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തുന്ന പദ്ധതി |
| തൃപ്തി ന്യായവില ഭക്ഷണശാലകൾ |
| ആധാറുമായി കൂട്ടിയിണക്കി റേഷൻ കാർഡുകളുടെ ഡിജിറ്റൽ ഡേറ്റാബേസ്, കമ്പ്യൂട്ടർവത്കൃത സപ്ലൈ ചെയിൻ മാനേജ്മെന്റ്, സുതാര്യമായ പരാതി പരിഹാര സംവിധാനം |
| സമഗ്ര കൈത്തറി വികസന പദ്ധതി |
| ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള യന്ത്രത്തറി സംഘങ്ങളുടെ നവീകരണവും വിപണന സഹായവും |
| ടെക്സ്ഫെഡിന്റെ നിയന്ത്രണത്തിലുള്ള സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണം |
| ലോട്ടറി---സമ്പാദ്യ' പദ്ധതി |
| സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ വിജിലൻസ് വിഭാഗം |
| 11 ജില്ലകളിൽ താലൂക്ക് ഭാഗ്യക്കുറി ഓഫീസുകൾ |
| മിനി സിവിൽ സ്റ്റേഷൻ- ഇടുക്കി |
| കോന്നി സിവിൽ സ്റ്റേഷന് അഡീഷണൽ ബ്ലോക്ക് |
| മുല്ലപ്പെരിയാറിൽ പുതിയ ഡാം |
| സർക്കാർ പെൻഷൻകാർക്ക് ഇൻഷ്വറൻസ് പദ്ധതി |
| കുടുംബശ്രീ, ജനശ്രീ, ഗൃഹശ്രീ അംഗങ്ങൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി |
| പരമ്പരാഗത തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശങ്ങളുടെ വികസനം |
| പിന്നാക്ക സമുദായ അംഗങ്ങൾക്ക് ഹോസ്റ്റൽ നിർമ്മാണം |
| പിന്നാക്ക സമുദായ അംഗങ്ങൾക്ക് മത്സരപരീക്ഷാ പരിശീലന കേന്ദ്രം |
| എക്സൈസ് വകുപ്പിൽ വയർലസ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതി |
| വൊക്കേഷണൽ വിഷയങ്ങളുടെ മൂല്യനിർണ്ണയ രീതി തയ്യാറാക്കലും റിസർച്ച് വിംങ്ങും |
| ഹോമിയോ ആശുപത്രികളിലെ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള പദ്ധതി |
| തെരഞ്ഞെടുക്കപ്പെടുന്ന 2 ജില്ലകളിലെ ഹയർ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്ന പദ്ധതി |
| ഹയർ സെക്കന്ററി സ്കൂളുകൾക്ക് എക്സലൻസ് അവാർഡ് |
| തൃശൂരിൽ വാഹന പരിശോധനാകേന്ദ്രം |
| ന്യൂനപക്ഷ ക്ഷേമവകുപ്പിൽ ഓഫീസ് കമ്പ്യൂട്ടറൈസേഷൻ പദ്ധതി |
| ആദിവാസി രാജാവായ കോവിൽ മലരാജന് ഒരു രാജധാനി |
| വയനാട്ടിലും അട്ടപ്പാടിയിലും വംശീയ വൈദ്യന്മാർക്കുള്ള ഗവേഷണ സ്ഥാപനം |
| പട്ടിക വർഗ്ഗക്കാർ വിവിധ സർക്കാർ വകുപ്പുകൾ/ സഹകരണ സ്ഥാപനങ്ങൾ/ ദേശസാൽകൃത ബാങ്കുകൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം രൂപ വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും ഉൾപ്പെടെ എഴുതി തള്ളുന്നതിനുള്ള കടാശ്വാസ പദ്ധതി |
| പട്ടിക വർഗ്ഗക്കാരിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്ന പദ്ധതി |

സെക്ഷൻ ഓഫീസർ